**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ചേർത്തല നഗരസഭ – 2017-2018 വാർഷിക പദ്ധതിയിൽ സ്പിൽ ഓവർ പ്രോജക്റ്റ് ഉൾപ്പെടുത്തുന്നതിന് അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

സ.ഉ. (സാധാ.) നമ്പർ. 2669/2017/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം 01.08.2017.

---

പരാമർശം :- (1) ചേർത്തല നഗരസഭ കൗൺസിലിന്റെ 12.06.2017 തീയതിയിലെ (1) നമ്പർ തീരുമാനം.

(2) ചേർത്തല നഗരസഭ ചെയർമാന്റെ 13.06.2017 ലെ പി.509/2017 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ചേർത്തല നഗരസഭയിൽ 2013-2014 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്ലാൻ ഫണ്ടും മറ്റ് ധനകാര്യ സ്ഥാപനത്തിൽ നിന്നും വായ്പ തുകയും ഉൾപ്പെടുത്തി 1,55,00,000/- രൂപ അടങ്കലുള്ള നഗരസഭ ഓഫീസിന്റെ മുൻവശമുള്ള ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണം 2015-2016 വർഷത്തിൽ കരാർ ഉടമ്പടിയിൽ ഏർപ്പെട്ട് ഇപ്പോൾ നിർമ്മാണം പൂർത്തീകരണവസ്ഥയിലാണെന്നും, ടി പ്രവൃത്തിയുടെ ഏകദേശം എൺപത് ലക്ഷത്തോളം രൂപയുടെ വർക്ക് പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും 2017-2018 വാർഷിക പദ്ധതിയിൽ ടി പ്രവൃത്തി ഉൾപ്പെടുത്തുവാൻ സാധിക്കാത്തതിനാൽ കരാറുകാരന് പണം നൽകുവാൻ സാധിക്കുന്നില്ലെന്നും, 80% ത്തോളം പണിപൂർത്തീകരിച്ച ടി വർക്കിന്റെ ബിൽ തുക നൽകുന്നതിലേയ്ക്ക് ഈ പദ്ധതി 2017-2018 വാർഷിക പ്രോജക്ടിൽ ഉൾപ്പെടുത്തുന്നതിന് പരാമർശം ഒന്ന് പ്രകാരം നഗരസഭ കൗൺസിൽ തീരുമാനം എടുത്തിട്ടുള്ളതാണെന്നും, ആയതിനാൽ പ്രസ്തുത പ്രോജക്റ്റ് 2017-2018 വാർഷിക പദ്ധതിയിൽ സ്പിൽ ഓവറായി ഉൾപ്പെടുത്തുവാനുള്ള അനുവാദം നൽകണമെന്നും പരാമർശം രണ്ട് പ്രകാരം ചേർത്തല നഗരസഭാ ചെയർമാൻ ആവശ്യപ്പെടുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, മേൽ വിഷയം ഒരു പ്രത്യേക കേസ് ആയി പരിഗണിച്ച് ടി പ്രവൃത്തി 2017 -18 ൽ സ്പിൽ ഓവർ പ്രൊജക്റ്റ് ആയി ഏറ്റെടുക്കുവാൻ അനുവാദം നൽകി ഉത്തരവാകുന്നു. മേൽ വിഷയവുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടി ഇൻഫർമേഷൻ കേരള മിഷൻ സ്വീകരിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
എ.ഷാജഹാൻ,
ഗവൺമെന്റ് സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, ചേർത്തല നഗരസഭ.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ&ഇ), കേരള, തിരുവനന്തപുരം.
വിവരപൊതുജന സമ്പർക്ക വകുപ്പ്.
ഓഫീസ് കോപ്പി / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.